പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1057 15-10-2026-ൽ മറുപടിയ്ക്ക്

## വളാഞ്ചേരി റിങ് റോഡ് നിർമ്മാണം

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്ന കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിങ് റോഡ് പ്രവൃത്തിയുടെ നിലവിലെസ്ഥിതി വിശദമാക്കുമോ; പ്രവൃത്തി സംബന്ധിച്ച് പൊതുമരാമത്ത് ഡിസൈൻ ചീഫ് എൻജിനിയറുടെ കാര്യാലയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ;

**മറുപടി:** കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്ന പദ്ധതിയായ കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിങ് റോഡ് എന്ന പ്രവൃത്തിക്ക്, 01/11/2016 തീയതിയിലെ G.O (Rt) No 1502/2016/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. PWD റോഡ്സ് ഡിവിഷനു കീഴിൽ ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പ്രാഥമികഘട്ടത്തിൽ നടത്തിയിരുന്നെങ്കിലും പ്രസ്തുത അലൈൻമെന്റ് അനുയോജ്യമല്ല എന്ന് കണ്ടെത്തിയിരുന്നു. വളാഞ്ചേരി നിലമ്പൂർ റോഡിലെ വൈക്കത്തൂർ എന്ന സ്ഥലത്ത് നിന്ന് തുടങ്ങി കൊപ്പം വളാഞ്ചേരി റോഡ് വഴി പനവേൽ-കൊച്ചി-കന്യാകുമാരി നാഷണൽ ഹൈവേ 66 ലെ ഒണിയപാലം എന്ന സ്ഥലത്തു അവസാനിക്കുന്ന രീതിയിൽ പുതുക്കിയ അലൈൻമെന്റ് പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ജനപ്രതിനിധി ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ അലൈൻമെന്റിലൂടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി പുതുക്കിയ DPR തയാറാക്കുന്നതിന് KRFB പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും 05.05.2024-ലെ കത്ത് പ്രകാരം ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകിയിരുന്നു. ഇതേ തുടർന്ന് 25-05-2024 തീയതിയിൽ ഡിസൈൻ ചീഫ് എൻജിനീയർ, കോഴിക്കോട് RIQCL എക്സിക്യൂട്ടീവ് എൻജിനീയർക്ക് പ്രസ്തുത ഇൻവെസ്റ്റിഗേഷൻ വർക്ക് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ഇൻവെസ്റ്റിഗേഷൻ പ്രവർത്തിയുടെ Topographic survey with DGPS, Turning moment survey, Traffic count തുടങ്ങിയവയ്ക്ക് വേണ്ടി 05-06-2024 ന് RIQCL വിഭാഗവും KRFB പാലക്കാട്/മലപ്പുറം വിഭാഗവും സംയുക്തമായി സ്ഥല പരിശോധന നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തി പൂർത്തീകരിച്ച് RIQCL ആയതിന്റെ റിപ്പോർട്ട് ഡിസൈൻ വിഭാഗം ചീഫ് എൻജിനീയർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ വിഭാഗം പ്രസ്തുത പ്രവർത്തിയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് ഫീസിബിലിറ്റ് ചെക്ക് ചെയ്യുന്നതിന് വേണ്ടി 17.03.2026ന് KRFB പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അലൈൻമെന്റിന്റെ പല ഭാഗങ്ങളിലൂടെ ഗെയിൽ പെപ്പ് ലൈൻ കടന്ന് പോകുന്നതിനാൽ പ്രസ്തുത ഡ്രാഫ്റ്റ് അലൈൻമെന്റ് സൈറ്റിൽ ഫീസിബിൾ അല്ല എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി. - പി.എം.യു പാലക്കാട്/മലപ്പുറം കാര്യാലയത്തിൽ നിന്ന് അറിയക്കുകയുണ്ടായി. 17-06-2026 തീയതിയിലെ CEDN-PPU/13/2024-AD52-PWD നമ്പർ കത്ത് പ്രകാരം ഗെയിൽ പൈപ്പ്ലൈനിന്റെ റൂട്ട് അടങ്ങിയ

റിവൈസ്ഡ് ടോപോഗ്രാഫിക് ഡ്രോയിങ്, സാങ്കേതിക ആവശ്യകതകൾ സുരക്ഷ മാനദണ്ഡങ്ങൾ, സെറ്റ് ബാക്കുകൾ, മറ്റ് അവശ്യകതകൾ എന്നിവ ഗെയിൽ ഉദ്യോഗസ്ഥരുമായി ഏകോപനം നടത്തി അറിയിക്കാൻ ഡിസൈൻ വിങ് നിർദ്ദേശിച്ചിരിക്കുകയാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി.- പി.എം.യു പാലക്കാട്/മലപ്പുറം കാര്യാലയത്തിൽ നിന്ന് ഗെയിൽ ഉദ്യോഗസ്ഥരോടൊപ്പം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും, ഗെയിൽ അലൈമെന്റുമായി ബന്ധപ്പെട്ട ജി പി എസ് കോർഡിനേറ്റ്സ്, കെ എം എൽ ഫയൽ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈൻ വിഭാഗത്തിന് കെ.ആർ.എഫ്.ബി - പി.എം.യു വിൽ നിന്നും സമർപ്പിക്കുന്നതാണ്. ശേഷം പ്രസ്തുത പ്രവർത്തിയുടെ അലൈൻമെന്റ് ഡിസൈൻ വിഭാഗം തയ്യാറാക്കി, ആയത് ലഭിച്ചതിനു ശേഷം അലൈൻമെന്റ് ഫീസിബിലിറ്റി സൈറ്റിൽ പരിശോധിച്ച് അലൈൻമെന്റ് അന്തിമമാക്കി ഡി പി ആർ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. ഡി പി ആർ കിഫ്ബിയിലേക്ക് സമർപ്പിച്ച് ആയതിന് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമായത്തിന് ശേഷം, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ചെയ്ത് നിർമാണം ആരംഭിക്കാവുന്നതാണ്.

**(ബി)** പ്രവൃത്തിയുടെ അലൈൻമെന്റും ഡി .പി.ആർ -ഉം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രവർത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് അലൈൻമെന്റ് ഫീസിബിലിറ്റിക്ക് അനുസരിച്ച് തയ്യാറാക്കി വരികയാണ്. പ്രവർത്തിയുടെ ഫൈനൽ അലൈൻമെന്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചാൽ മാത്രമേ ഡി.പി.ആർ പൂർത്തീകരിച്ച് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. പ്രവർത്തിയുടെ ഡി.പി.ആർ തയ്യാറാക്കൽ പൂർത്തീകരിച്ച ആയതിനു കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതിക്കും സാങ്കേതികാനുമതിക്കും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ആയത് ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**(സി)** പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പ്രവർത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് അലൈൻമെന്റ് ഫീസിബിലിറ്റിക്ക് അനുസരിച്ച് തയ്യാറാക്കി വരികയാണ്. പ്രവർത്തിയുടെ ഫൈനൽ അലൈൻമെന്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചാൽ മാത്രമേ ഡി.പി.ആർ പൂർത്തീകരിച്ച് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. പ്രവർത്തിയുടെ ഡി.പി.ആർ തയ്യാറാക്കൽ പൂർത്തീകരിച്ച ആയതിനു കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതിക്കും സാങ്കേതികാനുമതിക്കും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ആയത് ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**